Document 2026/3746/1 - General - File No. 2026/1123/1
Approved by Dean Student Affairs on 2026-01-14 10:15:39
Digitally approved document; signature not required.
http://www.kuhs.ac.in
YSha-mnD-oqFH-JncI
KUHS, Thrissur

KERALA UNIVERSITY OF HEALTH SCIENCES

THRISSUR – 680 596

PHONE: 0487 – 2207650, 2207664 FAX: 0487 – 2206770

No : 38492/DSA-A1/KUHS/2025 Date : 14-01-2026

## കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ സ്റ്റുഡന്റ്സ് യൂണിയൻ 2025–26 എക്സിക്യൂട്ടീവ് കൗൺസിൽ തിരഞ്ഞെടുപ്പ് നാമനിർദേശപത്രിക സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ

1. 12–01–2026 ൽ പ്രസിദ്ധീകരിച്ച അന്തിമ വോട്ടർ പട്ടികയിൽ (Final Electoral Roll) ഉൾപ്പെട്ട അംഗങ്ങൾക്ക് മാത്രമേ തിരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ . ഏതെങ്കിലും കാരണവശാൽ പ്രസ്തുത അംഗത്വം തിരഞ്ഞെടുപ്പ് തിയതിക്ക് മുൻപ് നഷ്ടപ്പെടുന്നവർക്ക് തിരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അർഹതയില്ലാതായി തീരുന്നതാണ്.
2. വോട്ടർ പട്ടിക യൂണിവേഴ്സിറ്റിയുടെ നോട്ടീസ്ബോർഡിലും പരിശോധിക്കാവുന്നതാണ് . വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുള്ള നാമനിർദ്ദേശ പത്രിക ഫോറവും നിർദേശങ്ങളും യൂണിവേഴ്സിറ്റിയുടെ വെബ്സൈറ്റ് ആയ www.kuhs.ac.in ൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ടായിരിക്കണം നാമ നിർദ്ദേശ പത്രിക സമർപ്പിക്കേണ്ടത് . നിർദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന നാമനിർദേശ പത്രികകൾ നിരസിക്കുന്നതാണ് . നാമനിർദേശ പത്രികകൾ 19–01–2026, 3.00 PM ന് മുൻപായി റിട്ടേണിംഗ് ഓഫീസറുടെ കാര്യാലയത്തില് പ്രത്യേകമായി സജ്ജമാക്കിയ പെട്ടിയിൽ നിക്ഷേപിക്കാവുന്നതാണ്. നാമനിർദേശ പത്രിക അടങ്ങിയ കവറിന് പുറത്തു **"കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല സ്റ്റുഡൻറ്സ് യൂണിയൻ – 2025–26 ജനറൽ കൗൺസിലിൽ നിന്നും, എക്സിക്യൂട്ടീവ് കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പ്" എന്നും, മത്സരിക്കുന്ന തസ്തികയുടെ പേരും** രേഖപ്പെടുത്തേണ്ടതാണ്.
3. നാമനിർദ്ദേശ പത്രികകൾ കൈയെഴുത്താൽ പൂരിപ്പിച്ചതായിരിക്കണം . അപൂർണവും ടൈപ്പ് ചെയ്തതുമായ പത്രികകൾ സ്വീകരിക്കുന്നതല്ല . വോട്ടർ പട്ടികയിൽ ഉള്ളതുപോലെ പേരും നാമനിർദേശക പട്ടികയിൽ ആവശ്യപ്പെട്ട മറ്റു വിവരങ്ങളും എഴുതേണ്ടതാണ്. സ്ഥാനാർത്ഥി ക്രിമിനൽ വിചാരണ നേരിടുന്നവരും ഇന്ത്യൻ ക്രിമിനൽ കോടതികളാൽ ശിക്ഷിക്കപ്പെട്ടതും ആകരുത് . സ്ഥാനാർത്ഥി കേരള ആരോഗ്യ സർവ്വകലാശാലയുടെ അച്ചടക്ക നടപടികൾക്ക് വിധേയമായ ആളാകരുത്.
4. നിർദേശകനും പിന്തുണക്കുന്ന ആളും വോട്ടർ പട്ടികയിൽ പേരുള്ളവർ ആയിരിക്കണം . നിർദേശകൻ തസ്തികകളുടെ എണ്ണത്തിൽ കൂടുതൽ സ്ഥാനാർത്ഥികളെ നിർദ്ദേശിക്കാൻ പാടില്ല . പിന്തുണക്കുന്ന ആൾ തസ്തികകളുടെ എണ്ണത്തിൽ കൂടുതൽ സ്ഥാനാർത്ഥികളെ പിന്തുണക്കാൻ പാടില്ല . സ്ഥാനാർത്ഥിക്ക് മറ്റൊരു സ്ഥാനാർത്ഥിയെ അതേ തസ്തികയിലേക്ക് നിർദ്ദേശിക്കാനും പിന്തുണയ്ക്കാനും പാടുള്ളതല്ല.
5. മുൻ വർഷങ്ങളിൽ നടന്ന കെ യൂ എച്ച് എസ് സ്റ്റുഡന്റ്സ് യൂണിയ ൻ തിരഞ്ഞെടുപ്പുകളിൽ ഓഫീസ് ഭാരവാഹികളായി (Office Bearer posts – Chairperson, Vice – Chairperson, General Secretary and Joint Secretary എന്നിവയിൽ) ഒരു തവണ മത്സരിച്ചവർക്ക് ഓഫീസ് ഭാരവാഹി തസ്തികകളിൽ വീണ്ടും മത്സരിക്കുവാൻ അർഹതയില്ല. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായി രണ്ടു തവണ മത്സരിച്ചിട്ടുള്ളവർക്ക് ആ തസ്തികയിൽ വീണ്ടും മത്സരിക്കുവാൻ അർഹതയില്ല.
6. നാമ നിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന വരണാധികാരിയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ 19–01–2026 ന് 3.45 PM ന് നടത്തുന്നതാണ്. സ്ഥാനാർത്ഥിക്കും സ്ഥാനാർഥി നിർദിഷ്ട അപേക്ഷഫോമിൽ ചുമതലപ്പെടുത്തിയ , വോട്ടർ പട്ടികയിൽ പേരുള്ള ഒരു പ്രതിനിധിക്കും വരണാധികാരിയുടെ അംഗീകാരത്തോടു കൂടി നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മ പരിശോധന നടത്തുന്ന സമയത്ത് സന്നിഹിതരാകാവുന്നതാണ്.

ഡീൻ സ്റ്റുഡൻറ് അഫയേഴ്സ് & റിട്ടേണിംഗ് ഓഫീസർ

http://www.kuhs.ac.in
YSha-mnD-oqFH-JncI
Document 2026/3746/1 - General - File No. 2026/1123/1
Approved by Dean Student Affairs on 2026-01-14 10:15:39
Digitally approved document; signature not required.
KUHS, Thrissur